# കെ. സി. എസ്. എൽ, പാലാ രൂപത

പ്രിയ ബഹു. പ്രിൻസിപ്പൽമാരേ, ഹെഡ്മാസ്റ്റർമാരേ, അദ്ധ്യാപകരേ,

പാലാ രൂപത കെ. സി. എസ്. എൽ ഓഫീസിൽനിന്ന് ആശംസകൾ. ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ പുതിയ വർഷം അദ്ധ്യാപകർക്കും കുട്ടികൾക്കും ആശംസിക്കുന്നു.

2018 ഫെബ്രുവരി 7 ന് പാലാ ളാലം സെന്റ് മേരീസ് പാരീഷ്ഹാളിൽ ചേർന്ന കെ. സി. എസ്. എൽ രൂപത വാർഷികസമ്മേളനത്തിൽവച്ച് എൽ. പി. വിഭാഗത്തിന്റെ പ്രവർത്തനോദ്ഘാടനം പാലാ രൂപത മുൻ അദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവഹിച്ച വിവരം ഓർമ്മയിലേക്കു കൊണ്ടുവരുന്നു. മറ്റു വിഭാഗങ്ങൾപോലെതന്നെ എൽ. പിയിലും നല്ല ആനിമേറ്റർമാരെ നിയോഗിച്ച് കെ. സി. എസ്. എൽ പ്രവർത്തനങ്ങൾ രൂപതാകേന്ദ്രത്തിൽനിന്നുള്ള നിർദേശമനുസരിച്ച് നടത്താൻ ബഹു. ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരും സഹകരിക്കുമല്ലോ.

കെ. സി. എസ്. എൽ മാർഗരേഖയും കലണ്ടറും അടുത്ത മാസം ആദ്യത്തോടെ സ്കൂളുകളിൽ എത്തിക്കുന്നതാണ്.ജൂൺ, ജൂലൈ മാസങ്ങളിലെ പ്രവർത്തനങ്ങൾ ന്യൂസ് ലെറ്ററിലൂടെ (No. 2) അറിയിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

കഴിഞ്ഞ അദ്ധ്യയനവർഷത്തെ മെമ്പർഷിപ്പ്, കളരി, പാഠപുസ്തകങ്ങൾ ഇവയുടെ തുക അടയ്ക്കാത്തവർ എത്രയും വേഗം അവ അടച്ച് സഹകരിക്കുമല്ലോ.

കെ. സി. എസ്. എൽ നുവേണ്ടി ആത്മാർത്ഥമായി അധ്വാനിക്കുന്ന എല്ലാ പ്രവർത്തകരെയും അനുമോദിച്ചുകൊണ്ടും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും നിറുത്തുന്നു.

പാലാ — ഫാ. കുര്യൻ തടത്തിൽ

15-6-2018 — ഡയറക്ടർ

News Letter 2
15-6-2018

# കെ. സി. എസ്. എൽ, പാലാ രൂപത

**1. ആനിമേറ്റേഴ്സ് മീറ്റ്**

രൂപതാതല ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 23 ന് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെടുന്നു. എല്ലാ സ്കൂളിൽ നിന്നും ഹയർസെക്കൻഡറി, ഹൈസ്ക്കൂൾ, യു. പി വിഭാഗം ആനിമേറ്റർമാർ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു. രാവിലെ 9.30 ന് ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിക്കും.

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. 'ടീച്ചേഴ്സ് ദ കിംഗ്മേക്കേഴ്സ്' എന്ന വിഷയത്തെ ആധാരമാക്കി കെ. സി. എസ്. എൽ മുൻ സംസ്ഥാനപ്രസിഡന്റ് അഡ്വ. ചാർളി പോൾ ക്ലാസെടുക്കുന്നു. കഴിഞ്ഞ വർഷത്തെ മികച്ച ആനിമേറ്റർമാർക്കുള്ള (എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി) പാരിതോഷികവും തദവസരത്തിൽ നല്കുന്നതാണ്.

**2. പോസ്റ്റർ ഡിസൈനിംഗ് മത്സരം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് (ജൂൺ 5) 'പ്രകൃതി - മനുഷ്യബന്ധം' എന്ന വിഷയത്തെ അധികരിച്ച് പോസ്റ്റർ ഡിസൈനിംഗ് മത്സരം നടത്തുന്നു. ഹയർ സെക്കൻഡറി, ഹൈസ്ക്കൂൾ വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം. സ്കൂളുകളിൽ മത്സരം നടത്തി ഏറ്റവും മികച്ച ഒരെണ്ണം ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ജൂലൈ 31. മത്സരത്തിന് പോസ്റ്റർ കളറാണ് ഉപയോഗിക്കേണ്ടത്. പേപ്പറിന്റെ അളവ് - A3 Size (30x42 cm.)

രജി. ഫീസ് 25 രൂപ.

**3. പരിസ്ഥിതിപ്രതിജ്ഞ - രചനാമത്സരം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പരിസ്ഥിതിപ്രതിജ്ഞ രചനാമത്സരം നടത്തുന്നു. യു. പി, എൽ. പി വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം. സ്കൂളുകളിൽ മത്സരം നടത്തി മികച്ച ഒരെണ്ണം ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ജൂലൈ 31.

രജി. ഫീസ് 25 രൂപ.

**4. ലീഡേഴ്സ് ക്യാമ്പ്**

കെ. സി. എസ്. എൽ സ്കൂൾ ലീഡേഴ്സിനായുള്ള ലീഡേഴ്സ് ക്യാമ്പും ഇലക്ഷനും **യു. പി വിഭാഗത്തിന് ജൂൺ 28-ാം തീയതി** പാലാ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെയാണു സമയം.

**ഹയർസെക്കൻഡറി, ഹൈസ്ക്കൂൾ വിഭാഗത്തിനുള്ള ക്യാമ്പ് ജൂൺ 29, 30 തീയതികളിലായി** പാലാ ചെത്തിമറ്റത്തുള്ള ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. 29-ാം തീയതി വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 30 - ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ക്യാമ്പ് അവസാനിക്കും. യു. പി. വിഭാഗം രജി. ഫീസ് 200 രൂപയും, ഹൈസ്കൂൾ-ഹയർസെക്കൻഡറി വിഭാഗം രജി. ഫീസ് 250 രൂപയുമാണ്.

**5. കെ. സി. എസ്. എൽ രൂപതാതല പ്രവർത്തനോദ്ഘാടനം.**

കെ. സി. എസ്. എൽ രൂപത പ്രവർത്തനോദ്ഘാടനം ജൂലൈ 6 ന് വെള്ളിയാഴ്ച കുറവിലങ്ങാട് ഫൊറോനാപള്ളി പാരീഷ്ഹാളിൽ വച്ച് നടത്തപ്പെടുന്നു. പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. മാർഗ്ഗരേഖയും കലണ്ടറും തദവസരത്തിൽ പ്രകാശനം ചെയ്യുന്നതാണ്.

കഴിഞ്ഞവർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച സ്കൂളുകൾക്ക് (എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി) എവർറോളിംഗ് ട്രോഫികൾ വിതരണം ചെയ്യുന്നതാണ്.

**6. അൽഫോൻസാ കളറിംഗ് മത്സരം**

അൽഫോൻസാ കളറിഗ് മത്സരം ജൂലൈ 31 നകം സ്കൂളുകളിൽ നടത്തി ഫസ്റ്റും സെക്കന്റും ലഭിക്കുന്ന കുട്ടികളുടെ പേരുവിവരം ഓഗസ്റ്റ് 20 നകം ഓഫീസിൽ എത്തിക്കേണ്ടതാണ്. രൂപതാതല മത്സരം സെപ്റ്റംബർ 1 ന് പാലാ അൽഫോൻസാ കോളേജിൽ വച്ച് രാവിലെ 10.30 ന് നടക്കും. ഹയർസെക്കൻഡറി, ഹൈസ്കൂൾ, യു. പി വിഭാഗങ്ങൾക്ക് വാട്ടർ കളറും, എൽ. പി വിഭാഗത്തിന് ക്രെയോൺസും മാത്രമേ ഉപയോഗിക്കാവൂ.

**7. വായനമത്സരം**

വായനദിനാചരണത്തോടനുബന്ധിച്ച് (ജൂൺ 19) പുസ്തകവായനയുടെ മഹത്ത്വവും പ്രാധാന്യവും മനസ്സിലാക്കുന്നതിനുവേണ്ടി വായനമത്സരം ജൂലൈ 14-ാം തീയതി രാവിലെ 10.30 ന് പാലാ അൽഫോൻസാ കോളേജിൽ ആരംഭിക്കും. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾക്ക് വെവ്വേറെയാണു മത്സരം. രജി. ഫീസ് :25 രൂപ

**8. അൽഫോൻസാസൂക്തങ്ങൾ മത്സരം**

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. അൽഫോൻസാമ്മയുടെ മൊഴികൾ മനഃപാഠമാക്കി ഉച്ചാരണശുദ്ധിയോടെ ഹൃദ്യമായി അവതരിപ്പിക്കുന്ന മത്സരം ജൂലൈ 14-ാം തീയതി രാവിലെ 10.30 ന് പാലാ അൽഫോൻസാ കോളേജിൽ ആരംഭിക്കും. എൽ. പി വിഭാഗത്തിന് മാത്രമാണ് ഈ മത്സരം. രജി. ഫീസ് : 25 രൂപ

| | | |
|---|---|---|
| സാലി. കെ. ജെ<br>പ്രസിഡന്റ് | സോജൻ കെ. ജെ<br>ജന. ഓർഗനൈസർ | ഫാ. കുര്യൻ തടത്തിൽ<br>ഡയറക്ടർ |